*01-07-2026*

*Point of order - Non-referral of Finance Bill to the Subject Committee and reply By Hon. C.M.*

**ക്രമപ്രശ്നം**

ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാത്തത് സംബന്ധിച്ച്

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട ചെയറിനോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് ഒരുകാര്യം പറയട്ടെ. ബിൽ അല്ലെങ്കിൽ ഒരു പേപ്പർ അവതരിപ്പിക്കുന്നതിനെ സംബന്ധിച്ചാണ് സാധാരണഗതിയിൽ തടസ്സവാദം ഉന്നയിക്കുന്നത്. ആ തടസ്സവാദം നിലനിൽക്കുന്നുവെന്ന് ബഹുമാനപ്പെട്ട ചെയർ റൂൾ ചെയ്താൽ പിന്നെ ആ ബിൽ അവതരിപ്പിക്കാൻ സാധിക്കില്ല.

മി. സ്പീക്കർ: ഞാൻ അങ്ങയോട് ഒരു കാര്യം പറയട്ടെ. തർക്കിക്കാനല്ല. ഞാൻ അങ്ങയോട് ക്രമപ്രശ്നം ഉന്നയിക്കാൻ പറഞ്ഞു. അപ്പോൾ അങ്ങ് എഴുന്നേറ്റില്ല. (....ബഹളം....) ഞാൻ തർക്കിക്കുന്നില്ല. (....ബഹളം....) ഒരു തർക്കത്തിന്റെ പ്രശ്നമേയില്ല. ഞാൻ അങ്ങനെ പറഞ്ഞോ ഇല്ലയോ എന്നത് നിയമസഭാ റിക്കോർഡിലുണ്ട്. തടസ്സവാദം ഉന്നയിക്കുന്നതിനുവേണ്ടി ഞാൻ അങ്ങയെ ക്ഷണിച്ചു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട ചെയറിനെ ചോദ്യം ചെയ്യുന്നതല്ല. എന്നാൽ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തണമല്ലോ; ഇന്ന് രണ്ട് ബില്ലുകളാണ് സഭയുടെ പരിഗണനയ്ക്കെടുക്കുന്നത്. ഉച്ചയ്ക്കുശേഷം ഒരു മണി മുതൽ രണ്ട് മണി വരെ സാധാരണഗതിയിൽ അപ്രോപ്രിയേഷൻ ബില്ലാണ് പരിഗണനയ്ക്കെടുക്കുന്നത്.

മി. സ്പീക്കർ: ആ സമയം വേവ് ചെയ്തിട്ടുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അതുകൊണ്ടാണ് അപ്രോപ്രിയേഷൻ ബില്ലാണോ ഫിനാൻസ് ബില്ലാണോ ഇപ്പോൾ പരിഗണനയ്ക്കെടുക്കുന്നതെന്ന് ചോദിച്ചത്. അങ്ങ് ഫിനാൻസ് ബില്ലാണെന്നും പറഞ്ഞു. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിക്കുകയും ചെയ്തു. ഇനിയെങ്കിലും ശ്രദ്ധിക്കാൻ വേണ്ടിയാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: ഞാൻ പറയുന്നത് അങ്ങ് ശാന്തമായി കേൾക്കു. ഇവിടെ ugly hastiness വേണ്ട. പിഴവ് എനിക്കുൾപ്പെടെ ആർക്കുവേണമെങ്കിലും സംഭവിക്കാം. ഞാൻ അങ്ങയെ വിളിച്ചോ ഇല്ലയോ എന്നത് റിക്കോർഡ് പരിശോധിച്ചാൽ മനസ്സിലാകും. പിന്നീട് പരിശോധിച്ച് ബോധ്യപ്പെട്ടാൽ മതി.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ധനകാര്യ ബില്ലുമായി ബന്ധപ്പെട്ടും

*01-07-2026*
*Point of order - Non-referral of Finance Bill to the Subject Committee and reply By Hon. C.M.*

അല്ലാതെയും ഈ സഭയിൽ നിരവധി ലീഗൽ ഒബ്ജക്ഷനുകൾ ഉന്നയിച്ചിട്ടുള്ള അംഗമാണ് ഞാൻ. ബിൽ അവതരിപ്പിച്ച് കഴിഞ്ഞതിനുശേഷമാണ് ബിൽ നിലനിൽക്കുന്നതല്ലെന്ന ഒബ്ജക്ഷൻ റെയ്സ് ചെയ്യുന്നത്. കഴിഞ്ഞ പ്രാവശ്യവും ഞാൻ ഇക്കാര്യം അങ്ങയോട് പറഞ്ഞതാണ്. ഈ സഭയുടെ റിക്കോർഡുകൾ പരിശോധിച്ചാൽ അത് വ്യക്തമാകും. ഒരുപക്ഷേ, ഇപ്പോൾ ഈ സഭയിൽ ഇരിക്കുന്ന അംഗങ്ങളിൽ ഏറ്റവും കൂടുതൽ തവണ ലീഗൽ ഒബ്ജക്ഷനുകൾ ഉന്നയിച്ചിട്ടുള്ള അംഗം ഞാനായിരിക്കും. ലെജിസ്ലേറ്റീവ് ബില്ലായാലും ധനകാര്യ ബില്ലായാലും ആദ്യം ബിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. അതിനുശേഷമാണ് ലീഗൽ ഒബ്ജക്ഷൻ റെയ്സ് ചെയ്യുന്നത്. ഈ ബിൽ എന്തുകൊണ്ട് പാസ്സാക്കാൻ പാടില്ല, എന്തുകൊണ്ടാണ് ഇത് നിയമവിരുദ്ധമായി നിൽക്കുന്നത്, ഭരണഘടനയുടെ ഏതെങ്കിലും ക്ലോസിന് വിരുദ്ധമാണോ എന്നിങ്ങനെയുള്ള കാര്യങ്ങൾ ലീഗൽ ഒബ്ജക്ഷൻ ഉന്നയിക്കുന്ന അംഗം അപ്പോഴാണ് വിശദീകരിക്കുന്നത്. അതാണ് ഈ സഭയിലെ റിക്കോർഡും നിലവിലുള്ള പ്രീസിഡന്റും. ഇക്കാര്യം നിരന്തരം ഉന്നയിച്ചിട്ടുള്ള അംഗമായതുകൊണ്ടാണ ഞാൻ ഇത് പറഞ്ഞത്.

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങ് അംഗീകരിച്ച സഭയുടെ ബിസിനസ്സിൽ ഒമ്പതാമതായി ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയാണ്, പത്താമതായി ക്രമപ്രശ്നം- അവതരിപ്പിക്കുന്നത് ശ്രീ. കെ. എൻ. ബാലഗോപാൽ, പതിനൊന്നാമതായി റൂളിങ്- അവതരിപ്പിക്കുന്നത് ബഹുമാനപ്പെട്ട സ്പീക്കർ, പന്ത്രണ്ടാമതായി നിയമനിർമ്മാണം, പതിമൂന്നാമതായി 2026-ലെ കേരള ധനകാര്യ (3-ാംനമ്പർ) ബില്ലിന്റെ അവതരണവും അനുബന്ധകാര്യങ്ങളും, പതിനാലാമതായി ധനാഭ്യർഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ എന്നിങ്ങനെയാണ്. ഇത് അങ്ങ് അംഗീകരിച്ച് ഇന്ന് സഭയിൽ പ്രസന്റ് ചെയ്തതാണ്. ഞാൻ മോണിറ്റർ നോക്കിയാണ് വായിക്കുന്നത്. ഇതിലെ ഓർഡറാണ് ഞങ്ങൾ പറഞ്ഞത്. അതാണ് ശ്രദ്ധയിൽപ്പെടുത്തിയത്. തർക്കമൊന്നുമില്ല.

<u>മി. സ്പീക്കർ</u>: ശരി. നമുക്ക് തൽക്കാലം ഈ ക്രമത്തിൽ പോകാം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇന്ന് ഇപ്പോൾ ഈ ക്രമത്തിൽ പോകാം. ഭാവിയിൽ അങ്ങും ശ്രദ്ധിക്കണം. ഞങ്ങളും കൂടുതൽ ശ്രദ്ധിക്കാം.

*01-07-2026*

*Point of order - Non-referral of Finance Bill to the Subject Committee and reply By Hon. C.M.*

മി. സ്പീക്കർ: ശരി. പരിശോധിക്കാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ ബിൽ സഭയിൽ വരുമെന്ന് നേരത്തെ പ്രതീക്ഷിച്ചിരുന്നില്ല. കാരണം ബി.എ.സി.-ക്ക് രണ്ടാമത് റഫർ ചെയ്ത് ഈ ബില്ലിന്റെ സമയം ഉൾപ്പെടുത്തിയതാണ്. സാധാരണയായി ഇത്തരമൊരു ഫിനാൻസ് ബിൽ സഭയുടെ മുമ്പിൽ വന്നാൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കേണ്ടതാണ്. എന്നാൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ ഇവിടെ വച്ചാണ് ചർച്ച നടക്കുന്നത്. വളരെ ധൃതിപിടിച്ചുകൊണ്ടുവന്ന ബിൽ ആണിത്. മദ്യത്തിന്റെ നികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഈ ധനകാര്യ ബില്ലിൽ കൂടുതലായും പരാമർശിച്ചിരിക്കുന്നത്. മറ്റ് കാര്യങ്ങളൊന്നും ഇതിൽ ഇല്ല. ഇങ്ങനെയൊരു ബിൽ ഇവിടെ കൊണ്ടുവരുമ്പോൾ, ഈ സഭയിൽ വന്ന ചർച്ചകളുടെ പൊതുസ്പിരിറ്റ് നോക്കണം. ഈ സഭയിൽ പറഞ്ഞ ഉറപ്പ് എന്താണ്; ആവശ്യമായ ചർച്ചകൾക്കുശേഷമേ ഇത് നടപ്പിലാക്കുവെന്നാണ് സഭയിൽ നൽകിയ ഉറപ്പ്. ആവശ്യമായ ചർച്ചകൾക്കുശേഷമേ നടപ്പാക്കുവെന്ന് പറയുമ്പോൾ, 3-ഉം 4-ഉം അനുസരിച്ചുള്ള നോട്ടിഫിക്കേഷനുണ്ട്. അധ്യായം I-ൽ ' (i) 3-ഉം 5-ഉം വകുപ്പുകൾ, സർക്കാർ ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന അത്തരം തീയതി പ്രാബല്യത്തിൽ വരുന്നതാണ്;

(ii) ഈ ആക്റ്റിലെ ശേഷിക്കുന്ന വ്യവസ്ഥകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.' എന്നാണ് പറയുന്നത്. സാധാരണയായി ഫിനാൻസ് ബില്ലിൽ ടാക്സ് സംബന്ധിച്ച് വരുന്ന പ്രൊപ്പോസൽസ് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്. സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ സംസാരിച്ചതിൽനിന്നും വ്യത്യസ്തമായി, ആ ഒരു വിശ്വാസ്യത സഭയോട് എടുത്തിട്ടില്ല. ഇത് ഗവൺമെന്റിൽ ചർച്ച ചെയ്തോ നയത്തിന്റെ പ്രശ്നമാണോ എന്നൊക്കെയുള്ളത് നേരത്തെതന്നെ ചർച്ച നടക്കുന്നതാണ്. പൊതുവിൽ ഈ സഭയിൽ പറഞ്ഞതനുസരിച്ചുള്ള കാര്യങ്ങളല്ല വന്നിരിക്കുന്നത്. ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയം സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യാതെ സാധാരണ എപ്പോഴെങ്കിലും വന്നിട്ടുണ്ടോ; തൊട്ടുമുമ്പുള്ള നിയമസഭയിൽ സബ്ജക്ട് കമ്മിറ്റിയിലെ ഏറ്റവും പ്രധാനപ്പെട്ട അംഗമായിരുന്ന അങ്ങ്. ഞാൻ ചെയർമാനായിരുന്ന ഫിനാൻസ് കമ്മിറ്റിയിൽ അങ്ങ് വളരെ സഹകരണാത്മക നിലപാടാണ് സ്വീകരിച്ചിരുന്നത്. ചിലതിന് ഡിസെന്റ് പറയുമെങ്കിലും ചർച്ചകൾ

നടത്താറുണ്ട്. ഏതെങ്കിലും ഒരു കാര്യം അത് ചെറിയ കാര്യമായാൽപ്പോലും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ സഭയുടെ പരിഗണനയ്ക്കായി കൊണ്ടുവന്നിട്ടുണ്ടോ; സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കാൻപോലും സമയം കണ്ടെത്താതെ ഇങ്ങനെയൊരു ഫിനാൻസ് ബിൽ കൊണ്ടുവന്നിരിക്കുന്നത് വാസ്തവത്തിൽ നിയമസഭയുടെ എല്ലാ അവകാശങ്ങളെയും ഹനിക്കുന്ന, ചർച്ചകൾ അനുവദിക്കാത്ത, ചർച്ച വേണ്ടായെന്ന് സമീപനത്തിന്റെ ഭാഗമാണ്.

കെ.ജി.എസ്.ടി. നിയമത്തിൽ ഭേദഗതി വരുത്തുന്ന, 0.5% v/v യ്ക്കും 10% v/v യ്ക്കും ഇടയിൽ വീര്യമുള്ള മദ്യം 120-ഉം 10% v/v യ്ക്കും 20% v/v യ്ക്കും ഇടയിൽ വീര്യമുള്ള മദ്യം 175-ഉം യഥാക്രമം നികുതി ഏർപ്പെടുത്തിയിട്ടുള്ള ഒരു ബിൽ ആണിത്. ഈ ബിൽ ചർച്ച ചെയ്യണമെന്ന് എന്തുകൊണ്ടാണ് പറഞ്ഞത്; മൂന്നുവർഷക്കാലമായി ധനകാര്യ വകുപ്പും ടാക്സ് വകുപ്പും ഇതിന് അനുമതി നൽകാത്തതാണ്. അത് മറ്റൊന്നുംകൊണ്ടല്ല, ഹോർട്ടി വൈൻ എന്നുള്ള കൺസെപ്റ്റ് അല്ലാതെ വേറൊരു കാര്യവും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് ഇല്ലായിരുന്നു. നേരത്തെ എക്സൈസ് ഡിപ്പാർട്ടുമെന്റ് പരിശോധിച്ച് റേറ്റിന്റെ കാര്യം പറഞ്ഞുവെന്നേയുള്ളൂ. നടപ്പാക്കാൻ തീരുമാനിച്ചിട്ടില്ല. അങ്ങനെ ആയാലും എൽ.ഡി.എഫ്. ഗവൺമെന്റ് ആലോചിച്ചിരുന്നെങ്കിൽ ഞങ്ങൾ നടപ്പാക്കിയേനെ. നടപ്പാക്കണ്ടായെന്ന് തീരുമാനിച്ചതുകൊണ്ടുതന്നെയാണ് നടപ്പാക്കാത്തത്. കൊച്ചുകുട്ടികൾ ഉൾപ്പെടെയുള്ളവർ ഇതിലേയ്ക്ക് പോകുമെന്നുള്ളതുകൊണ്ടാണ് അങ്ങനെയൊരു കാര്യം നടപ്പിലാക്കാത്തത്. ഒരു പുതിയ ഗവൺമെന്റ് വരുമ്പോൾ ആ ഗവൺമെന്റിന്റെ/യു.ഡി.എഫ്.-ന്റെ എക്സൈസ് നയം, മുമ്പുണ്ടായിരുന്ന എക്സൈസ് നയത്തിൽനിന്നും വ്യത്യസ്തമായി വരുന്നു. ഇത് കാബിനറ്റിൽ ചർച്ച ചെയ്യേണ്ടതാണ്. റേറ്റിനെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ട, എന്നാൽ നയം ചർച്ച ചെയ്യണം. അതുചെയ്യാതെയാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. വീര്യം കുറഞ്ഞ മദ്യത്തിന്റെ കാര്യത്തിൽ എക്സൈസ് നിയമപ്രകാരമുള്ള ഇങ്ങനെയൊരു കാര്യം വരുമ്പോൾ, അത് വളരെ അപകടകരമാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ബില്ലിന്റെ അവതരണത്തെയാണ് oppose ചെയ്യേണ്ടത്.

*01-07-2026*
*Point of order - Non-referral of Finance Bill to the Subject Committee and reply By Hon. C.M.*

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇത് വെറും സാങ്കേതികത്വ പ്രശ്നമല്ല. ക്രമപ്രശ്നമായതുകൊണ്ട് കൂടുതൽ ദീർഘിപ്പിക്കാതെ ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം. ഈ ബിൽ കൊണ്ടുവന്നതിലൂടെ സഭയുടെ എല്ലാ അവകാശങ്ങളെയും ലംഘിച്ചിരിക്കുകയാണ്. റേറ്റ് സംബന്ധിച്ച ഏത് ധനകാര്യ ബില്ലാണ് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാതിരുന്നിട്ടുള്ളത്? വളരെ ചെറിയ ഒരുകാര്യംപോലും സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്ന പാരമ്പര്യമുള്ള നമ്മുടെ നിയമസഭയിൽ ഒരു ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാതെ നേരെ സഭയിൽക്കൊണ്ടുവന്ന് പാസ്സാക്കുകയെന്ന് പറയുമ്പോൾ അങ്ങേയറ്റം തെറ്റായ കാര്യമാണ്. അതാണ് പ്രധാന ക്രമപ്രശ്നം. അങ്ങനെ ചെയ്യുന്നുവെന്നുള്ളത് വളരെ അപകടകരമായ കാര്യമാണ്. ഇന്നുവരെ സഭയിൽ തുടർന്നുവന്നിരുന്ന എല്ലാ കാര്യങ്ങളിൽനിന്നും വ്യത്യസ്തമാണ്. ഈ ബില്ലിലെ മൂന്നും നാലും(അഞ്ചും) പ്രൊവിഷനുകളെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. സാധാരണയിൽനിന്നും വ്യത്യസ്തമായ പ്രൊവിഷൻ ചേർത്തിരിക്കുകയാണ്. എക്സിക്യൂട്ടീവിന്റെ തീരുമാനവും ലെജിസ്ലേറ്റീവ് ബില്ലും സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽതന്നെ പല കേസുകളും ജഡ്ജ്മെന്റുകളും വന്നിട്ടുണ്ട്. സാധാരണഗതിയിൽ ഫിനാൻസ് മാറ്റേഴ്സ് (മണി മാറ്റേഴ്സ്)-മായി ബന്ധപ്പെട്ട ഒരു ബിൽ കൊണ്ടുവന്ന് അത് ആക്ടായി കഴിഞ്ഞാൽ പിന്നീട് അത് എക്സിക്യൂട്ടീവിന്റെ എക്സസ്സീവ് ഡെലിഗേഷന് നൽകാറില്ല. ഡെലിഗേഷൻ ഓഫ് പവേഴ്സ് എക്സസായി എക്സിക്യൂട്ടീവിന് കൊടുക്കേണ്ട കാര്യമില്ല. എന്നാൽ ഇതിൽ അത് വച്ചിരിക്കുകയാണ്. ബിൽ നിയമസഭയിൽ പാസ്സായി ആക്ടായിക്കഴിഞ്ഞാൽ ഇന്നദിവസം മുതൽ നടപ്പാക്കുമെന്ന് പറയുന്നതിനുപകരം വീണ്ടും ഒരു bargaining point ആയി വയ്ക്കാമല്ലോ; തുറന്നുപറഞ്ഞാൽ bargaining-നുള്ള ഒരു point ആണല്ലോ; ഒരു particular എക്സിക്യൂട്ടീവോ ഒരു particular കമ്മീഷണറോ ഒപ്പുവച്ചാൽ അന്നുമുതൽ ഈ മദ്യം കച്ചവടം നടത്താമെന്നുപറഞ്ഞാൽ ഈ എക്സിക്യൂട്ടീവിനെ ലെജിസ്ലേച്ചറിനുമുകളിൽ പ്രതിഷ്ഠിക്കുന്നതുപോലെയാണ്. ലെജിസ്ലേച്ചർ അംഗീകരിക്കട്ടെ.... നിങ്ങൾ തീരുമാനിക്കൂ... ഏതെങ്കിലും ഒരു particular ഉദ്യോഗസ്ഥൻ ഒപ്പുവച്ചാൽ അപ്പോൾ മുതൽ ഈ particular മദ്യം വിൽക്കാമെന്ന് പറയുന്നത് എക്സസ്സീവ് ഡെലിഗേഷനാണ്, അത് തെറ്റാണ്. അതുകൊണ്ട് ഈ ബിൽ പാസ്സാക്കുന്നതിൽ..... (മൈക്ക് ഓഫ്...)

*01-07-2026*

*Point of order - Non-referral of Finance Bill to the Subject Committee and reply By Hon. C.M.*

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ആദ്യം ഇതിൽ എന്ത് ലീഗൽ ഒബ്ജക്ഷനാണുള്ളതെന്ന് വ്യക്തമായില്ല. ബഹുമാനപ്പെട്ട അംഗം ധനകാര്യ ബില്ലിന്റെ മെറിറ്റിനെക്കുറിച്ചാണ് സംസാരിച്ചത്. അതിനെക്കുറിച്ച് സംസാരിക്കാൻ ഇവിടെ അവസരമുണ്ട്, അപ്പോൾ ഞാൻ അതിന് മറുപടി പറയാം. സമ്മർദത്തെക്കുറിച്ചും സുപ്രീം കോടതി വിധിയെക്കുറിച്ചുമെല്ലാം പരാമർശിച്ചതിന് കൃത്യമായി മറുപടി നൽകാം. സബ്ജക്ട് കമ്മിറ്റിയിലേക്ക് ബിൽ അയച്ചില്ലെന്ന് അദ്ദേഹം പറയുകയുണ്ടായി. കഴിഞ്ഞ ഫെബ്രുവരി 24-ാം തീയതി അങ്ങ് അവതരിപ്പിച്ച ഫിനാൻസ് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചിട്ടുണ്ടോ; ഉണ്ടോയെന്ന് പരിശോധിച്ചാൽ നല്ലതായിരുന്നു. 2026 ജൂൺ 24-ന് സഭ അംഗീകരിച്ച കാര്യോപദേശക സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ധനകാര്യ(3-ാം നമ്പർ) ബിൽ ഇന്ന് സഭയിൽ അവതരിപ്പിച്ച് പരിഗണനയ്ക്കെടുക്കുന്നത്. കാര്യോപദേശക സമിതി റിപ്പോർട്ട് സഭ അംഗീകരിക്കുന്ന അവസരത്തിൽ യാതൊരു ഭേദഗതി നിർദേശവും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടില്ല. അതിനാൽ നിലവിൽ ക്രമപ്രശ്നം ഉന്നയിക്കുന്നതിന് ഒരു പ്രസക്തിയുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പാർട്ടിനേതാക്കളുമുൾപ്പടെയുള്ളവർ പങ്കെടുത്ത കാര്യോപദേശക സമിതിയാണ് (ബഹളം...) ഇതുസംബന്ധിച്ച തീരുമാനമെടുക്കുന്നത്. അവിടെയിരുന്ന് ശബ്ദമുണ്ടാക്കരുത്..... ഭരണഘടനാപരമായും നിയമസഭാ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങൾ അനുസരിച്ചും ആവശ്യമായ എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് ധനകാര്യ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നത്. ബില്ലിലെ 3, 5 എന്നീ വകുപ്പുകൾ സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിൽ യാതൊരു നിയമപ്രശ്നവുമില്ല. സമാനമായ വ്യവസ്ഥകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അദ്ദേഹംതന്നെ പൈലറ്റ് ചെയ്ത 2022-23 വർഷത്തിലെ ധനകാര്യ ബില്ലിലും 2024-ലെ The Kerala Taxation Laws (Amendment) Bill-ലും ഉൾപ്പെടുത്തിയിട്ടുണ്ട്. അത് bargaining ആയിരുന്നോ? (ബഹളം....) നോട്ടിഫിക്കേഷൻ വച്ച് നൽകിയത് bargaining ആയിരുന്നോ?

*01-07-2026*
*Point of order - Non-referral of Finance Bill to the Subject Committee and reply By Hon. C.M.*

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ,...........

ശ്രീ. വി. ഡി. **സ**തീശൻ: സർ, അങ്ങേയ്ക്ക് ഞാൻ വഴങ്ങുന്നില്ല. ബഹുമാനപ്പെട്ട അംഗം ഇരിക്കൂ. ഇതേ നോട്ടിഫിക്കേഷൻ അതേ ബില്ലിലും ഉൾപ്പെടുത്തിയിട്ടുണ്ട്. (.....ബഹളം.....) ബഹളം ഉണ്ടാക്കരുത്, സംസാരിക്കുന്നത് ഞാനല്ലേ, ബഹുമാനപ്പെട്ട അംഗം പൈലറ്റ് ചെയ്ത ബില്ലിൽത്തന്നെ സമാന വ്യവസ്ഥകളുണ്ട്. It is on record.. സമാനമായ വ്യവസ്ഥകൾ വച്ചുകൊണ്ടുള്ള ബിൽ പൈലറ്റ് ചെയ്ത് പാസ്സാക്കിയതിനുശേഷം ലീഗൽ ഒബ്ജക്ഷനാണെന്ന് പറയുന്നു. രാഷ്ട്രീയം പറയുകയോ ആരോപണം ഉന്നയിക്കുകയോ ചെയ്യണമെങ്കിൽ ചർച്ചയിൽ ഉന്നയിക്കാവുന്നതാണ്. അപ്പോൾ ഞാൻ മറുപടി പറയാം. ലീഗൽ ഒബ്ജക്ഷനാണെന്ന് പറയുന്ന ഇക്കാര്യം നിലനിൽക്കുന്നതല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് എന്തെങ്കിലും സംസാരിക്കാനുണ്ടെങ്കിൽ സംസാരിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് റൂളിങ് പറയുകയാണെങ്കിൽ അതിനുശേഷം ഞാൻ സംസാരിക്കാം.

മി. സ്പീക്കർ: റൂളിങ്ങിലേക്ക് കടക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കാനായി എഴുന്നേറ്റുകൊണ്ടാണ് അങ്ങേയ്ക്ക് എന്തെങ്കിലും സംസാരിക്കാനുണ്ടെങ്കിൽ സംസാരിക്കാൻ പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ റൂളിങ്ങിന്റെ കാര്യം മറന്നുപോയതാണ്. റൂളിങ് കഴിഞ്ഞതിനുശേഷം ഞാൻ സംസാരിക്കാം.

മി. സ്പീക്കർ: ശരി.